(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/360/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ -0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയതി:11.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

**കുന്നുമ്മൽ** ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : **കുന്നുമ്മൽ** ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാര **കുന്നുമ്മൽ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/360/2020 തീയതി:11.05.2020

## കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ **കുന്നുമ്മൽ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 04.01.2019 മുതൽ 09.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വാസുദേവൻ.എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-03-2020 മുതൽ 19.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെ.എം.ബാലകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ |
| | സി.പി സതീഷ്കുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | വിജേഷ്.കെ.കെ, ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.ടി. രാജൻ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ. ഉദയഭാനു എം.പി | 01-04-2018 മുതൽ 31-03-2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ. | ശ്രീ. നിസ ലത്തീഫ് | 01.04.2018 മുതൽ 31-08-2018 വരെ |
| | അപർണ.എൻ.എസ് | 01-09-2018 മുതൽ 26-02-2019 വരെ |
| | മുഹമ്മദ് ഫാസിൽ.വി.എസ് | 27-02-2019 മുതൽ 22-03-2019 വരെ |
| | അഥീനാറാം.എ | 22-03-2019 മുതൽ 31-03-2019 വരെ |
| അസി.സെക്രട്ടറി. | ശ്രീ.പത്മനാഭൻ.ഐ.പി | 01.04.2018 മുതൽ 31-03-2019 വരെ |
| വെറ്റിനറി സർജൻ. | ഡോ.സുരേന്ദ്രൻ.വി.ഒ | 01.04.2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ. (സി.എച്ച്.സി) | ഡോ.സജിത.സി.പി | 01.04.2018 മുതൽ 22-04-2018 വരെ |
| | ഡോ. ലിജി.പി | 23.04.2018 മുതൽ 03-05-2018 വരെ |
| | ഡോ. സജിത.സി.പി | 04.05.2018 മുതൽ 05-06-2018 വരെ |
| | ഡോ. ലിജി.പി | 06.06.2018 മുതൽ 19-10-2018 വരെ |
| | ഡോ. സജിത.സി.പി | 20.10.2018 മുതൽ |

| | | |
|---|---|---|
| | | 11-03-2019 വരെ |
| | ഡോ. സിന്ധു.സി.എസ് | 12-.3-2019 മുതൽ<br>31-03-2019 വരെ |
| അസി.എഞ്ചിനീയർ. | ശ്രീ.സുവീഷ് | 01.04.2018 മുതൽ<br>28.02.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അബ്ദുൾ വാരിസ്.കെ.പി | 01.04.2018 മുതൽ<br>09.07.2018 വരെ |
| | ഡോ. രമേശൻ.കെ.പി | 10-07-2018 മുതൽ<br>31-03-2019 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ. | രമ.കെ.എൽ | 01-04-2018 മുതൽ<br>31-03-2019 വരെ |
| വി.ഇ.ഒ | ദീപ.ഒ.പി | 01.04.2018 മുതൽ<br>.31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | പി.സി.കൃഷ്ണൻ | 01.04.2018 മുതൽ<br>30.04.2018 വരെ |
| | കെ.പ്രകാശൻ | 01-05-2018 മുതൽ<br>31-05-2018 വരെ |
| | ശശികുമാർ പുതിയോട്ടിൽ | 01-06-2018 മുതൽ<br>31-10-2018 വരെ |
| | പ്രകാശൻ | 01-11-2018 മുതൽ<br>31-12-2018 വരെ |
| | കെ.കുഞ്ഞിക്കണ്ണൻ | 01-01-2019 മുതൽ<br>31-03-2019 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മിഥുൻ.കെ.പി | 01.04.2018 മുതൽ 08.10.2018 വരെ |
| | ഡോ. തൻസീറ | 08-10-2018 മുതൽ 16-12-2018 വരെ |
| | ഡോ. മിഥുൻ.കെ.പി | 17-12-2018 മുതൽ 31-03-2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | ആഭ്യന്തരനിയന്ത്രണം | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-3 |
| 4 | കെട്ടിടങ്ങൾ ക്രമവൽക്കരണ ഫീ കുറവായി ഈടാക്കുന്നു | 1-4 |
| 5 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-5 |
| 6 | ഡി &ഒ ലൈസൻസ് ഈടാക്കുന്നതിലെ അപാകതകൾ | 1-6 |
| 7 | വസ്തു നികുതി കണക്കാക്കിയതിലെ അപാകത- പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം | 1-7 |
| 8 | കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-8 |

| | | |
|---|---|---|
| 9 | ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ: തുക കൈപ്പറ്റിയതിന് രേഖകളില്ല | 1-9 |
| 10 | മുഴുവൻ വിരമരുന്നും വിതരണം നടത്തിയില്ല | 1-10 |
| 11 | വിട്ടുകിട്ടിയ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തുന്നില്ല | 1-11 |
| 12 | ഖരമാലിന്യം നീക്കം ചെയ്യൽ: അപാകതകൾ | 1-12 |
| 13 | എഗ്രിമെൻറ് ചമയ്ക്കാതെ തുക കൈമാറി | 1-13 |
| 14 | തെരുവു വിളക്ക് റിപ്പയർ:അപാകതകൾ | 1-14 |
| 15 | വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും: പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു | 1-15 |
| 16 | പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല | 1-16 |
| | **ഭാഗം - 2**<br>**വരവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 17 | വസ്തുനികുതി നിർണയിച്ചതിലെ അപാകത | 2-1 |
| | **ഭാഗം - 3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 18 | തെരുവു വിളക്ക് റിപ്പയർ:അപാകതകൾ | 3-1 |
| | **ഭാഗം - 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 19 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 20 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 21 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 23 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 24 | സ്ഥിര നിക്ഷേപം | 4-6 |
| 25 | ഓഡിറ്റ് റിക്കവറി | 4-7 |
| 26 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 27 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 17.03.2018 ലെ 1 തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 29.01.2019ലെ 10 തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 163032600 രൂപയും പ്രതീക്ഷിത ചെലവ് 162734516 രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 60928247 രൂപയും യഥാർത്ഥ ചെലവ് 60814218 രൂപയുമാണ്. ഡിസംബർ അവസാന വാരം ഘടക സ്ഥാപന ഓഫീസ് തലവൻമാരുടെ യോഗം വിളിച്ച് ചേർത്ത് തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപോസലുകളും ബജറ്റ് വർഷത്തേക്കുള്ള നോൺപ്ലാൺ പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടണം. സെക്രട്ടറി ഉൾപ്പെടെയുള്ള

ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച ബജറ്റ് നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച് ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ മേൽ നടപടികൾ പാലിച്ചതായി കാണുന്നില്ല. ബജറ്റ് എന്നത് വെറും വരവ് ചെലവു കണക്കുകളുടെയും സമാഹരണം എന്നതിനപ്പുറം ഒരു സ്ഥാപനത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു പ്രതീക്ഷിത രേഖയാണ്. ബജറ്റ് കൃത്യമായ കണക്കുകളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്

# 1-2 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പദ്ധതി വിഹിതം 100% വിനിയോഗിച്ചിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. പ്രൊക്വയർമെന്റ് മിനിട്സ് പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തെ സ്ഥാപനത്തിന്റെയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മൊത്തം ആവശ്യങ്ങൾ പരിഗണിച്ച് കേന്ദ്രീകൃത വാങ്ങൽ നടപടികളിലൂടെയല്ല സാധനങ്ങൾ വാങ്ങിയിട്ടുള്ളത് എന്ന് കാണുന്നു

# 1-3 വാർഷിക കണക്കുകളിലെ അപാകതകൾ

1. ട്രഷറി സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിൽ (ജോയിന്റ് വെഞ്ചർ) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്ക് ഇനത്തിൽ 75034/- രൂപയുണ്ട്. (ചെക്ക് നം. 3126717/13.03.2004) ആയത് വാർഷിക കണക്കിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ (liability in respect of stale cheque)എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
2. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
3. സ്റ്റോക്കിന്റെ മൂല്യം കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
4. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2012-13 വർഷം വരെയുള്ള ആസ്തികളുടെ വിവരങ്ങൾ മാത്രമേ നിലവിലുള്ള ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളൂ.
5. ഡിപ്രിസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനമൂല്യം കണക്കാക്കിയിട്ടുള്ളത്.
6. എസ്.ബി.ടി. കക്കട്ടിൽ (അക്കൗണ്ട് നം. 51620) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 537497/- രൂപ ബാങ്കിൽ ബാലൻസ് ഉണ്ടാവേണ്ടതാണ്. പാസ് ബുക്ക് പ്രകാരം 530412/- രൂപയാണ് ബാലൻസ്.
7. വെറ്റിനറി സർജൻ സബ്സിഡിയറി കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

8. ഹെഡ്മാസ്റ്റർ ടി.ആർ.7 എ കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

9. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം നാദാപുരം സഹകരണ ആശുപത്രി ഷെയർ ആയി 25000/-രൂപയുണ്ട്. എന്നാൽ ഇത് തെളിയിക്കുന്ന ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

# 1-4 കെട്ടിടങ്ങൾ ക്രമവൽക്കരണ ഫീ കുറവായി ഈടാക്കുന്നു

2018-19 വർഷം പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീയായി 123598/- രൂപയും, ക്രമവൽക്കരണ ഫീയായി 68699/- രൂപയാണ് അടവാക്കിയിരിക്കുന്നത്. ക്രമവൽക്കരണ ഫീ എന്നത് പെർമിറ്റ് ഫീസിന്റെ ഇരട്ടിയായ തുകയാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ കെട്ടിട നിർമാണ പെർമിറ്റ് ഫീയും അതിന്റെ രണ്ട് ഇരട്ടിയും ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീയുടെ ഇരട്ടി തുക മാത്രമാണ് ഈടാക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്കുമാരെ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഇത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-5 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1. സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2368 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2018-19 വർഷം വേക്കൻസി റെമിഷൻ നൽകിയത് 160 കെട്ടിടങ്ങൾക്കാണ്. ഇതിൽ 2018-19 ൽ ആകെ അനുവദിച്ച 785 ഡി & ഒ ലൈസൻസുകൾ 1115 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ബാക്കിയുള്ള 1093 വാണിജ്യ/വ്യവസായ കെട്ടിടങ്ങളിൽ നിലവിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നവയാണെന്ന് എന്ന് വേണം കരുതേണ്ടത്. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 671 ഡിമാന്റുകളിൽ നിന്നു മാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. അതായത് അവശേഷിക്കുന്ന കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

2. 2018-19 ലെ വർക്ക് ബിൽ പരിശോധിച്ചതിൽ നിന്നും ചുവടെ പരാമർശിച്ച കരാറുകാർ പഞ്ചായത്തിൽ വർക്ക് എടുക്കുകയും വരുമാനമാർജിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ ഇവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | സുകേഷ് സി.പി |
| 2 | ശശീന്ദ്രൻ.ഇ |

| | |
|---|---|
| 3 | അശോകൻ .എൻ.പി |
| 4 | സജീവൻ |
| 5 | രഘുദാസൻ.എൻ |
| 6 | സി.കെ.മുഹമ്മദ് |

3. ഡി&ഒ ലൈസൻസ് അപേക്ഷയിൽ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം അപേക്ഷകൻ സാക്ഷ്യപ്പെടുത്തി നൽകിയെങ്കിലും ആയത് പ്രകാരം ചുവടെ കൊടുത്ത സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | ഡി&ഒ ലൈസൻസ് നം, | കെട്ടിട നം | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | 208 | 5/265B | ക്വാളിറ്റി ബേക്ക് ഫുഡ്സ് | 7 |
| 2 | 220 | 6/400A | സർവ്വീസ് സിറ്റി | 5 |
| 3 | 264 | 5/347A to F | ഒതിയിൽ ബിൽഡിംഗ് മെറ്റീരിയൽസ് | 5 |
| 4 | 265 | 5/350A to F | ഒതിയിൽ ബിൽഡിംഗ് മെറ്റീരിയൽസ് | 3 |
| 5 | 316 | 9/812 | കക്കട്ടിൽ ഡെന്റൽ ക്ലിനിക്ക് | 5 |
| 6 | 362 | 9/129A to I | ദിൽന ട്രേഡേഴ്സ് കക്കട്ടിൽ | 6 |
| 7 | 426 | 11/545, 555, 557, 558 | ഇന്ത്യൻ സ്റ്റോർസ്, കക്കട്ടിൽ | 7 |
| 8 | 427 | 11/543, 544, 542A to F | ഇന്ത്യൻ സ്റ്റോർസ്, കക്കട്ടിൽ | 7 |

| | | | | |
|---|---|---|---|---|
| 9 | 103 | 11/732 | കെ.അഹമ്മദ് ഹാജി & കംമ്പനി | 5 |

4. കെട്ടിടം വാടകയ്ക്ക് നൽകി വാടക വരുമാനം വാങ്ങുന്ന കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | ഡി&ഒ ലൈസൻസ് നം | വാടക എഗ്രിമെന്റ് പ്രകാരമുള്ള പ്രതിമാസ വാടക | സ്ഥാപനം | കെട്ടിട ഉടമ |
|---|---|---|---|---|---|
| 1 | 11/809A5 | 612 | 15000 | ഫോട്ടോ സ്റ്റുഡിയോ | സുബൈദ, മൊയ്യ |
| 2 | 9/597,598 | 528 | 20000 | ഈറ്റ്സ് & ഡ്രിംഗ്സ് | നിനൂപ് വടക്കയിൽ മീത്തൽ |
| 3 | 5/265KLMN | 373 | 10000 | ഫാൽക്കൺ ബേക്കറി & ഫാസ്റ്റ് ഫുഡ് | ഹമീദ് മാണിക്കോത്തറമ്മൽ |
| 4 | 5/350A to F | 265 | 30000 | ഒതിയിൽ ബിൽഡിംഗ് മെറ്റീരിയൽസ് | എൻ.പി. ബാലൻ |
| 5 | 6/605 | 520 | 11000 | ഗുഡ് ഡെ ഇലക്ട്രിക്കൽ & പ്ലംമ്പിംഗ് | പി.വി.മാധവൻ, ഷൽട്ടർ |
| 6 | 9/762 | 194 | 12000 | മിച്ചൂസ് ബേക്കറി & കൂൾബാർ | ഗോവിന്ദക്കുറുപ്പ് പാറയിൽ |
| 7 | 11/381 | 23 | 5000 | ടൈലറിംഗ് യൂണിറ്റ് | അഹമ്മദ് ഹാജി, പുത്തലത്ത് |

| | | | | | |
|---|---|---|---|---|---|
| 8 | 11/382 | 24 | 5000 | ടൈലറിംഗ് യൂണിറ്റ് | അഹമ്മദ് ഹാജി, പുത്തലത്ത് |
| 9 | 11/383 | 25 | 5000 | ടൈലറിംഗ് യൂണിറ്റ് | അഹമ്മദ് ഹാജി, പുത്തലത്ത് |

5. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

മേൽ പരാമർശിച്ച ഖണ്ഡിക പ്രകാരമുള്ള നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിലെ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും വ്യക്തികളെയും ഡിമാന്റ് ചെയ്തു എന്ന് ഉറപ്പ് വരുത്തേണ്ടതും നികുതി ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇത് പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും ഇതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വം നൽകേണ്ടതുമാണ്.

## 1-6 ഡി &ഒ ലെസൻസ് ഈടാക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിൽ 31/03/2019 തീയതിയിലെ ഡിമാന്റുകളിൽ വാണിജ്യ/ വ്യവസായികാവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടത് 2368 കെട്ടിടങ്ങൾക്കാണ്. 2018-19 വർഷം വേക്കൻസി റെമിഷൻ നൽകിയത് 160 കെട്ടിടങ്ങൾക്കാണ്. അതായത് 2208 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വേണം കണക്കാക്കാൻ. ഇതിൽ 2018-19 ൽ ആകെ അനുവദിച്ച 785 ഡി & ഒ ലൈസൻസുകൾ 1115 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ബാക്കിയുള്ള 1093 കെട്ടിടങ്ങളിൽ വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണ് എന്ന് വേണം കരുതേണ്ടത്. കൂടാതെ പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 671 ട്രേഡേഴ്സ് ആണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിനാൽ തന്നെ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും തൊഴിലാളികളെയും ഡിമാന്റ് ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. കൂടാതെ ആകെ 2017-18 ൽ അനുവദിച്ച 618 ഡി & ഒ ലൈസൻസുകളിൽ 390ൽ പരം സ്ഥാപനങ്ങളിൽ നിന്നുമാത്രമാണ് 2018-19 ൽ ലൈസൻസ് പുതുക്കുന്നതിന് നിയമാനുസൃതമായി അഡ്വാൻസായി ലൈസൻസ് ഫീസ് ഒടുക്കിയിരിക്കുന്നത്. ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരക്കേണ്ടതുമാണ്. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇതിന് നേതൃത്വം നൽകേണ്ടതും ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റി പുരോഗതി വിലയിരുത്തേണ്ടതുമാണ്.

## 1-7 വസ്തു നികുതി കണക്കാക്കിയതിലെ അപാകത- പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം

ശ്രീ.അഷറഫ് മുഹമ്മദ് മായൻ, പുത്തൻ പുരയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള ലോഡ്ജ് കെട്ടിടത്തിന് നമ്പർ നൽകിയപ്പോൾ സൈറ്റ് പ്ലാനിൽ 5 മീറ്റർ റോഡ് കാണിച്ചിട്ടും സഞ്ചയയിൽ നികുതി കണക്കാക്കാനായി അടിസ്ഥാന വിവരങ്ങളിൽ 1.5 മീറ്റർ റോഡ് എന്നാണ് കാണിച്ചിരിക്കുന്നത്. ഇതിനാൽ കെട്ടിടത്തിന് നികുതി കണക്കാക്കിയപ്പോൾ വഴിയുടെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധന ഉൾപ്പെടുത്തിയിട്ടില്ല. ഈ ലോഡ്ജ് കെട്ടിടം ആകെ 712.69 ച.മീറ്ററാണുള്ളത്. പഞ്ചായത്തിലെ അംഗീകരിച്ച നികുതി നിരക്ക് പ്രകാരം ലോഡ്ജ് കെട്ടിടത്തിന് ച.മീ ന് 25 രൂപയാണ് നികുതി. ഇത് പ്രകാരം നികുതി കണക്കാക്കിയപ്പോൾ നികുതിയിനത്തിലുണ്ടായ നഷ്ടം ചുവടെ കൊടുക്കുന്നു.

അടിസ്ഥാന വസ്തുനികുതി = 712.69x25= 17817

വഴിയുടെ അടിസ്ഥാനത്തിൽ 20% വർദ്ധന = 3563/-

ഈ തുക നികുതിയിനത്തിൽ നഷ്ടപ്പെട്ടു. തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

കാർഷിക മേഖലയിൽ 7 പ്രൊജക്ടുകൾ വിഭാവനം ചെയ്തതിൽ 6 എണ്ണം നടപ്പിലാക്കി. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ തരിശുനില കൃഷി വ്യാപനവും വാഴകൃഷി വർദ്ധനവും ജൈവ കൃഷിവഴി വിളവർദ്ധനവുമാണ് തൻവർഷം ലക്ഷ്യമിട്ടത്. എന്നാൽ വാഴകൃഷിക്ക് തൻവർഷം പ്രൊജക്ട് വെച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ എന്നിവയ്ക്കനുസൃതമായല്ല പ്രൊജക്ടുകൾക്ക് രൂപം കൊടുത്തത്. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലില്ല. നടപ്പിലാക്കിയ പദ്ധതികളിലെ മറ്റ് അപാകതകൾ താഴെ കൊടുത്തിരിക്കുന്നു.

1)കുറ്റികുരുമുളക് കൃഷി വ്യാപനം

പ്രൊജക്ട് നമ്പർ - 45/18-19

അടങ്കൽ - 232800

ചെലവ് - 232800

ബിൽ നം. - 2/18-19തീ.26.10.2018

റെയ്ഡ്കോയിൽ നിന്ന് തൈ ഒന്നിന് 100 രൂപ ക്രമത്തിൽ 2328 കുരുമുളക് തൈകൾ നേരിട്ട് വാങ്ങിയിട്ടുണ്ട്. പ്രൊജക്ട് പരിശോധിച്ചതിൽ സർക്കാർ അംഗീകൃത ഫാമുകളിൽ നിന്നും തൈ വാങ്ങി വിതരണം ചെയ്യണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊജക്ട് നിർദ്ദേശം പാലിക്കാതെയും പഞ്ചായത്ത് തീരുമാനമില്ലാതെയും റെയ്ഡകോയിൽ നിന്ന് തൈകൾ വാങ്ങിയതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

തൈകൾ വിതരണം ചെയ്തതിന്റെ ഫയൽ പരിശോധിച്ചതിൽ 1144പേർക്ക് 2വീതം ആകെ 2288 തൈകളാണ് നൽകിയത്. 40 തൈകൾ (2328-2288) വിതരണം ചെയ്തായി കാണുന്നില്ല.

അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

2)തേനീച്ച വളർത്തൽ (വനിത) – ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാതെ ധനസഹായം നൽകി

പ്രൊജക്ട് നമ്പർ - 50/18-19

അടങ്കൽ - 1,51,200

ചെലവ് - 1,51,200

ബിൽ നം. - 4/18-19തീ.15-12.2018

63സെറ്റ് (126 എണ്ണം) കൂടും അനുബന്ധ സാധനങ്ങളും സെറ്റൊന്നിന് 2400 രൂപ ക്രമത്തിൽ ടെണ്ടർ മുഖേന കണ്ണൂരിലെ മലബാർ ഹണി & ഫുഡ്പാർക്ക് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി. കൂടും അനുബന്ധ സാധനങ്ങൾക്കും ഉൾപ്പെടെയുള്ള വില യൂണിറ്റ് കോസ്റ്റായി ജില്ലാതലത്തിൽ നിശ്ചയിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. (സ.ഉ.കൈ.നം.22/2018 തസ്വ ഭവ തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1(21) കാണുക) അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

3)ശീതകാല പച്ചക്കറി തൈ നൽകൽ (വനിത )- സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിത്തുകൾ വിതരണം ചെയ്തില്ല

പ്രൊജക്ട് നമ്പർ - 55/18-19

അടങ്കൽ - 68550

ചെലവ് - 68550

ബിൽ നം. - 3/18-19തീ.12.11.2018

ചാത്തങ്കോട്ട് നടയിലെ ആഗ്രോ സർവ്വീസ് സെന്ററിൽ നിന്ന് കേബ്ബേജ്, ക്വാളിഫ്ലവർ, കേരറ്റ്, മുള്ളങ്കി, ബീറ്റ്റൂട്ട് എന്നിവയുടെ തൈകൾ തൈ ഒന്നിന് 3 രൂപ നിരക്കിൽ 22850 തൈകൾ വാങ്ങിയിട്ടുണ്ട്. തൈകൾ വിതരണം ചെയ്തതിന്റെ ഫയൽ പരിശോധിച്ചതിൽ 13 വാർഡുകളിലായി 848 കർഷകർക്ക് 25 തൈകൾ വീതം ആകെ 21200 തൈകളാണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന തൈകൾ (22850-21200=1650) വിതരണം ചെയ്തിട്ടില്ല. സ.ഉ.കൈ.നം.22/2018തസ്വ ഭവ തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1(5) പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിത്തുകളുടെ അളവും തുകയും തീരുമാനിക്കണം. എന്നാൽ സ്ഥലവിസ്തൃതി പരിഗണിക്കാതെ എല്ലാ കർഷകർക്കും 25 തൈകൾ വീതം നൽകിയ നടപടി ശരിയല്ല. ഇത് ഉൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നേടുന്നതിന് വിഘാതമാകും. കൂടാതെ വാങ്ങിയ തൈകൾ മുഴുവനായും വിതരണം ചെയ്യാതിരുന്നതും പദ്ധതി നിർവഹണത്തിലെ വീഴ്ചയാണ്. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

## 1-9 ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ: തുക കൈപ്പറ്റിയതിന് രേഖകളില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് :ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ

പ്രൊജക്ട് നമ്പർ : 112/19

ചെക്ക് നമ്പർ, തുക :1102163/12-02-2019, 51,500/-

:1102164/12-02-2019 , 33,500/-

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനായി 85,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശം ചുവടെ.

| | ഇനം | തുക | ചെക്ക് നമ്പർ, തുക |
|---|---|---|---|
| 1 | കോഡിനേറ്റർക്ക് ഓണറേറിയം | 6000 | 1102163/12-02-2019, 51,500/- |
| 2 | വിവരശേഖരണം നടത്തിയവർക്ക് (ഒരു വാർഡിൽ 3പേർ വെച്ച് ആകെ 39പേർക്ക് 1000രൂപ വീതം) | 39000 | |
| 3 | വിവരശേഖരണം കോഡിനേറ്റ് ചെയ്തവർക്ക് (10പേർക്ക് 450 രൂപ വീതം) | 4500 | |
| 4 | കൺസോളിഡേഷൻ | 2000 | |
| 5 | പ്രിന്റിംഗ് ഫോട്ടോഗ്രാഫി | 33500 | 1102164/12-02-2019, 33,500/- |
| | | 85,000 | |

ചെക്ക് നമ്പർ 1102163/12-02-2019 പ്രകാരം മാറിയ 51,500/-രൂപ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ കോഡിനേറ്റർ ആയ ശ്രീ.നാണുവിനാണ് നൽകിയത്. ഇനം 2,3,4 എന്നിവയ്ക്ക് ചെലവഴിച്ച തുക യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്തവർക്ക് നൽകിയതായി കാണുന്നില്ല. ഇനം 2,3,4 ആയി ചെലവഴിച്ച 45,500/-രൂപ തടസ്സത്തിൽവെക്കുന്നു. യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്തവർ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ജൈവ വൈവിധ്യ രജിസ്റ്റർ ഇതുവരെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

## 1-10 മുഴുവൻ വിരമരുന്നും വിതരണം നടത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രൊജക്റ്റ് : ധാതുലവണം, വിരമരുന്ന്

പ്രൊജക്റ്റ് നമ്പർ : 71/19

ബിൽ നമ്പർ, തുക : 1/28-12-2019, 60000/-

കേരള ഫീഡ്സിൽ നിന്നും മേൽ പ്രൊജക്റ്റ് പ്രകാരം 600 kg വിരമരുന്ന് വാങ്ങിയിട്ടുണ്ട്. ഇത് 144 ഗുണഭോക്താക്കൾക്ക് 3 kg വെച്ച് ആകെ 432 kg വിതരണം നടത്തി. ബാക്കി 168 kg ഇതുവരേ വിതരണം നടത്തിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. മുഴുവൻ വിരമരുന്നും വിതരണം നടത്താൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 വിട്ടുകിട്ടിയ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുന്നതിനായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനം പഞ്ചായത്തുകൾക്ക് വിട്ടുനൽകിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനവും ഇത്തരത്തിൽ വിട്ടുനൽകിയതിൽപ്പെടുന്നു. പഞ്ചായത്തിലെ ക്ഷീരവികസന മേഖലയിലെ പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും കുന്നമ്മൽ ബ്ലോക്കിനു കീഴിലുള്ള ഡി.എഫ്.ഒ/ഡി.ഇ.ഒ 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ യാതൊരു പങ്കും വഹിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. വിട്ടുകിട്ടിയ ഉദ്യോഗസ്ഥരെ പഞ്ചായത്തിലെ ക്ഷീരമേഖലയിലെ പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്ഷീരമേഖല അഭിവൃദ്ധിപ്പെടുത്തുന്നതിന് അനുയോജ്യമായ പ്രൊജക്റ്റുകൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 1-12 ഖരമാലിന്യം നീക്കം ചെയ്യൽ: അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്റ്റ് :ഖരമാലിന്യം നീക്കം ചെയ്യൽ

പ്രൊജക്റ്റ് നമ്പർ : 156/19

വൗച്ചർ നമ്പർ, തുക :21801118/25-03-2019, 80,000/-

മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തു നിന്നും ഖരമാലിന്യം നീക്കം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കേരള കളർ വേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന് ലോഡ് ഒന്നിന് 2000/-രൂപ നിരക്കിൽ 80,000/-രൂപ നൽകിയിട്ടുണ്ട്. പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കാണിക്കുന്നു.

**എ)** ക്വട്ടേഷൻ ക്ഷണിച്ചതും സ്ഥാപനം നിരക്ക് ക്വോട്ട് ചെയ്തതും ലോഡ് ഒന്നിന് തുക നിശ്ചയിച്ചാണ്. ഒരു ലോഡ് എന്നത് എത്ര ടൺ ആണെന്ന് വ്യക്തമാക്കിയിട്ടില്ല. ചെറിയ

വാഹനമോ വലിയ വാഹനമോ എന്ന് വ്യക്തമല്ല.

**ബി)** കേരള കളർ വേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനവും◌ായി പഞ്ചായത്ത് കരാർ വെച്ചിട്ടില്ല.

**സി)** പദ്ധതി മോണിട്ടറിംഗ് ചെയ്തതായി രേഖകളില്ല. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018 /ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

**ഡി)** എത്ര ലോഡ് മാലിന്യം കയറ്റിയയച്ചുവെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

# 1-13 എഗ്രിമെൻറ് ചമയ്ക്കാതെ തുക കൈമാറി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് : ഗ്രാമ പഞ്ചായത്ത് കെട്ടിടം വൈദ്യുതി

കണക്ഷൻ മാറ്റി സ്ഥാപിക്കൽ കെ.എസ്.ഇ.ബിക്ക് തുക അടവാക്കൽ

പ്രൊജക്ട് നമ്പർ : 157/19

ചെക്ക് നമ്പർ, തുക : 21800928/27-02-2019, 90,590/-

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ വൈദ്യുതി കണക്ഷൻ മാറ്റി സ്ഥാപിക്കുന്നതിനായി 90,590/-രൂപ കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. ഇങ്ങനെ തുക നൽകുമ്പോൾ സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി കരാർ ചമയ്ക്കേണ്ടതായിരുന്നു. എന്നാൽ പഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി കരാർ വെക്കാതെയാണ് തുക കൈമാറിയത്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-14 തെരുവു വിളക്ക് റിപ്പയർ:അപാകതകൾ

തെരുവു വിളക്ക് റിപ്പയർ ചെയ്യുന്നതിനായി പഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വടകര ഇലക്ട്രിക്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ ഓർഡിനറി സി.എഫ്.എൽ വിളക്ക് ഒന്നിന് 425/-രൂപ ഓട്ടോമാറ്റിക്ക് ഒന്നിന് 725/-രൂപ എന്ന നിരക്ക് അംഗീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം 38 ഓർഡിനറി സി.എഫ്.എൽ വിളക്കും 329 ഓട്ടോമാറ്റിക്ക് സി.എഫ്.എൽ വിളക്കും റിപ്പയർ ചെയ്തതിന് 254675/- രൂപയിൽ 15281/- രൂപ SGST യും 15281/- രൂപ CGST യും ഒഴികെ 224,113/-രൂപ 7899784/2-06-2018 നമ്പർ ചെക്ക്

പ്രകാരം വടകര ഇലക്ട്രിക്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് നൽകിയിട്ടുണ്ട്. തുക നൽകിയതിന് അടിസ്ഥാനമായ തെരുവു വിളക്ക് റിപ്പയർ ചെയ്തതിന്റെ വാർഡ് തിരിച്ചുള്ള വിവരം ചുവടെ.

| വാർഡ് | തെരുവു വിളക്കുകളുടെ എണ്ണം | |
|---|---|---|
| | ഓർഡിനറി | ഓട്ടോമാറ്റിക്ക് |
| 1 | - | 25 |
| 2 | - | 26 |
| 3 | - | 20 |
| 4 | 2 | 32 |
| 5 | - | 23 |
| 6 | 3 | 28 |
| 7 | - | 32 |
| 8 | 5 | 18 |
| 9 | 12 | 31 |
| 10 | 6 | 28 |
| 11 | 3 | 34 |
| 12 | 7 | 16 |
| 13 | - | 16 |
| ആകെ | 38 | 329 |

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കാണിക്കുന്നു.

**എ)** തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുള്ള അടിസ്ഥാന രേഖയായി പഞ്ചായത്ത്

തെരുവുവിളക്ക് പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും കരാറുകാരൻ ഈ രജിസ്റ്ററിലെ പരാതികളുടെ അടിസ്ഥാനത്തിൽ വർഷത്തിലുടനീളം റിപ്പയർ പ്രവൃത്തി ചെയ്യേണ്ടതുമാണ്. തെരുവുവിളക്ക് പരാതി രജിസ്റ്റർ, തെരുവു വിളക്കുകൾ സംബന്ധിച്ച അടിസ്ഥാന രേഖയായ തെരുവുവിളക്ക് രജിസ്റ്റർ, അൺസർവ്വീസബ്ൾ ഐറ്റം രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി സൂക്ഷിക്കാതെയാണ് സ്ട്രീറ്റ് ലൈറ്റുകൾ മാറ്റിയ ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ പരാമർശിക്കാതെ വാർഡ് മെമ്പർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകിയത്.

**ബി)** റിപ്പയർ ചെയ്ത തെരുവു വിളക്കുകളുടെ ഇലക്ട്രിക് പോസ്റ്റ് നമ്പർ കാണിച്ചിട്ടില്ല.

**സി)** ചില വാർഡുകളിൽ റിപ്പയർ ചെയതു എന്നു പറയുന്ന തെരുവു വിളക്കുകളുടെ എണ്ണവും വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിലെ എണ്ണവും വ്യത്യാസം കാണുന്നു. വ്യത്യാസമുള്ള വാർഡുകളിലെ റിപ്പയർ ചെയത എണ്ണവും മെമ്പർമാർ നൽകിയ എണ്ണം ബ്രാക്കറ്റിലും കാണിക്കുന്നു. വാർഡ് 5ൽ 23(18), വാർഡ് 7ൽ 32(23), വാർഡ് 9ൽ 43(31), വാർഡ് 11ൽ 37(21), വാർഡ് 12ൽ 23(21).വിശദാംശം ചുവടെ.

| വാർഡ് | തുക നൽകിയ തെരുവു വിളക്കുകളുടെ എണ്ണം | | മെമ്പർമാർ നൽകിയ സാക്ഷ്യപത്രം അനുസരിച്ചുള്ള തെരുവു വിളക്കുകളുടെ എണ്ണം | | കരാറുകാരന് അധികം തുക നൽകിയ തെരുവു വിളക്കുകളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ഓർഡിനറി | ഓട്ടോമാറ്റിക്ക് | ഓർഡിനറി | ഓട്ടോമാറ്റിക്ക് | ഓർഡിനറി | ഓട്ടോമാറ്റിക്ക് |
| 5 | - | 23 | - | 18 | - | 5 |
| 7 | - | 32 | - | 23 | - | 9 |
| 9 | 12 | 31 | - | 31 | 12 | - |
| 11 | 3 | 34 | - | 21 | 3 | 13 |
| 12 | 7 | 16 | 6 | 15 | 1 | 1 |
| ആകെ | 22 | 136 | 6 | 108 | 16 | 28 |

ഇതു പ്രകാരം 16 ഓർഡിനറി സി.എഫ്.എൽ വിളക്കും 28 ഓട്ടോമാറ്റിക്ക് സി.എഫ്.എൽ വിളക്കും അധികമായി റിപ്പയർ ചെയ്തതായി കാണിച്ചിട്ടുണ്ട്. മെമ്പർമാർ നൽകിയ സാക്ഷ്യപത്രം അനുസരിച്ചുള്ള തെരുവു വിളക്കുകളുടെ എണ്ണത്തേക്കാൾ അധികമായി റിപ്പയർ ചെയ്തതായി കാണിച്ചിരിക്കുന്ന 16 ഓർഡിനറി വിളക്ക് ഒന്നിന് 425/-രൂപ നിരക്കിൽ 6,800/-രൂപയും, 28 ഓട്ടോമാറ്റിക്ക് വിളക്ക് ഒന്നിന് 725/-രൂപ നിരക്കിൽ 20,300/-രൂപയും ആകെ 27,100/-രൂപ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അപാകത '**സി**' കാരണം നിരാകരിച്ച 27,100/-രൂപ ഒഴികെയുള്ള ചെലവുതുക 197,013/-രൂപ അപാകതകൾ **എ,ബി** എന്നിവ കാരണം തടസ്സത്തിൽ വെക്കുന്നു.

# 1-15 വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും: പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ് . മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റാർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് ) ആമുഖത്തിൽ ഖണ്ഡിക 4 ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു.ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ,ആക്സസ് റോഡുകൾ,ജലവിതരണം ,ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ

വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തു ഫണ്ടിന്റെ ദുർവിനിയോഗമാണ്.

അപാകതകൾ പരിഹരിക്കുന്നതിനും ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിനുമായി എൽ എസ് ജി ഡി ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ഫലവും റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കാവുന്നതുമാണ്.

## 1-16 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നാല് തവണയാണ് മീറ്റിംഗ് കൂടിയത്. 28-05-2018, തിയ്യതി കാണിച്ചിട്ടില്ലാത്ത മീറ്റിംഗ് 23-11-2018, 4-12-2018 എന്നീ ദിവസങ്ങളിലാണ് മീറ്റിംഗ് ചേർന്നത്. 04-12-2018നു ശേഷം 27-12-2019നു മാത്രമാണ് യോഗം ചേർന്നത്. 2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നാലു തവണ മീറ്റിംഗ് കൂടിയതിൽ 2018-19 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018 /ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം.13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റേയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ തുടർവർഷങ്ങളിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതാണ്. മോണിട്ടറിംഗ് സമിതി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തുനികുതി നിർണയിച്ചതിലെ അപാകത

ശ്രീ.അഷറഫ് മുഹമ്മദ് മായൻ, പുത്തൻ പുരയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള ലോഡ്ജ് കെട്ടിടത്തിന് നമ്പർ നൽകിയപ്പോൾ സൈറ്റ് പ്ലാനിൽ 5 മീറ്റർ റോഡ് കാണിച്ചിട്ടും സഞ്ചയയിൽ നികുതി കണക്കാക്കാനായി അടിസ്ഥാനവിവരങ്ങളിൽ 1.5 മീറ്റർ റോഡ് എന്നാണ് കാണിച്ചിരിക്കുന്നത്. ഇതിനാൽ കെട്ടിടത്തിന് നികുതി കണക്കാക്കിയപ്പോൾ വഴിയുടെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധന ഉൾപ്പെടുത്തിയിട്ടില്ല. ഈ ലോഡ്ജ് കെട്ടിടം ആകെ 712.69 ച.മീറ്ററാണുള്ളത്. പഞ്ചായത്തിലെ അംഗീകരിച്ച നികുതി നിരക്ക് പ്രകാരം ലോഡ്ജ് കെട്ടിടത്തിന് ച.മീ ന് 25 രൂപയാണ് നികുതി. ഇത് പ്രകാരം നികുതി കണക്കാക്കിയപ്പോൾ നികുതിയിനത്തിലുണ്ടായ നഷ്ടം ചുവടെ കൊടുക്കുന്നു.

അടിസ്ഥാന വസ്തുനികുതി = 712.69x25= 17817

വഴിയുടെ അടിസ്ഥാനത്തിൽ 20% വർദ്ധന = **3563/-**

ഈ തുക നികുതിയിനത്തിൽ നഷ്ടപ്പെട്ടു. തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 തെരുവു വിളക്ക് റിപ്പയർ:അപാകതകൾ

തെരുവു വിളക്ക് റിപ്പയർ ചെയ്യുന്നതിനായി പഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വടകര ഇലക്ട്രിക്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ ഓർഡിനറി സി.എഫ്.എൽ വിളക്ക് ഒന്നിന് 425/-രൂപ ഓട്ടോമാറ്റിക്ക് ഒന്നിന് 725/-രൂപ എന്ന നിരക്ക് അംഗീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം 38 ഓർഡിനറി സി.എഫ്.എൽ വിളക്കും 329

ഓട്ടോമാറ്റിക്ക് സി.എഫ്.എൽ വിളക്കം റിപ്പയർ ചെയ്യതിന് 254675/- രൂപയിൽ 15281/- രൂപ SGST യും 15281/- രൂപ CGST യും ഒഴികെ 224,113/-രൂപ 7899784/2-06-2018 നമ്പർ ചെക്ക് പ്രകാരം വടകര ഇലക്ട്രിക്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് നൽകിയിട്ടുണ്ട്. തുക നൽകിയതിന് അടിസ്ഥാനമായ തെരുവു വിളക്ക് റിപ്പയർ ചെയ്യതിന്റെ വാർഡ് തിരിച്ചുള്ള വിവരം ചുവടെ.

| വാർഡ് | തെരുവു വിളക്കുകളുടെ എണ്ണം | |
|---|---|---|
| | ഓർഡിനറി | ഓട്ടോമാറ്റിക്ക് |
| 1 | - | 25 |
| 2 | - | 26 |
| 3 | - | 20 |
| 4 | 2 | 32 |
| 5 | - | 23 |
| 6 | 3 | 28 |
| 7 | - | 32 |
| 8 | 5 | 18 |
| 9 | 12 | 31 |
| 10 | 6 | 28 |
| 11 | 3 | 34 |
| 12 | 7 | 16 |
| 13 | - | 16 |
| ആകെ | 38 | 329 |

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കാണിക്കുന്നു.

**എ)** തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുള്ള അടിസ്ഥാന രേഖയായി പഞ്ചായത്ത് തെരുവുവിളക്ക് പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും കരാറുകാരൻ ഈ രജിസ്റ്ററിലെ പരാതികളുടെ അടിസ്ഥാനത്തിൽ വർഷത്തിലുടനീളം റിപ്പയർ പ്രവൃത്തി ചെയ്യേണ്ടതുമാണ്. തെരുവുവിളക്ക് പരാതി രജിസ്റ്റർ, തെരുവു വിളക്കുകൾ സംബന്ധിച്ച അടിസ്ഥാന രേഖയായ തെരുവുവിളക്ക് രജിസ്റ്റർ, അൺസർവ്വിസബ്ൾ ഐറ്റം രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി സൂക്ഷിക്കാതെയാണ് സ്ട്രീറ്റ് ലൈറ്റുകൾ മാറ്റിയ ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ പരാമർശിക്കാതെ വാർഡ് മെമ്പർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകിയത്.

**ബി)** റിപ്പയർ ചെയ്ത തെരുവു വിളക്കുകളുടെ ഇലക്ട്രിക് പോസ്റ്റ് നമ്പർ കാണിച്ചിട്ടില്ല.

**സി)** ചില വാർഡുകളിൽ റിപ്പയർ ചെയതു എന്നു പറയുന്ന തെരുവു വിളക്കുകളുടെ എണ്ണവും വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിലെ എണ്ണവും വ്യത്യാസം കാണുന്നു. വ്യത്യാസമുള്ള വാർഡുകളിലെ റിപ്പയർ ചെയത എണ്ണവും മെമ്പർമാർ നൽകിയ എണ്ണം ബ്രാക്കറ്റിലും കാണിക്കുന്നു. വാർഡ് 5ൽ 23(18), വാർഡ് 7ൽ 32(23), വാർഡ് 9ൽ 43(31), വാർഡ് 11ൽ 37(21), വാർഡ് 12ൽ 23(21).വിശദാംശം ചുവടെ.

| വാർഡ് | തുക നൽകിയ തെരുവു വിളക്കുകളുടെ എണ്ണം | | മെമ്പർമാർ നൽകിയ സാക്ഷ്യപത്രം അനുസരിച്ചുള്ള തെരുവു വിളക്കുകളുടെ എണ്ണം | | കരാറുകാരന് അധികം തുക നൽകിയ തെരുവു വിളക്കുകളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ഓർഡിനറി | ഓട്ടോമാറ്റിക്ക് | ഓർഡിനറി | ഓട്ടോമാറ്റിക്ക് | ഓർഡിനറി | ഓട്ടോമാറ്റിക്ക് |
| 5 | - | 23 | - | 18 | - | 5 |
| 7 | - | 32 | - | 23 | - | 9 |
| 9 | 12 | 31 | - | 31 | 12 | - |
| 11 | 3 | 34 | - | 21 | 3 | 13 |
| 12 | 7 | 16 | 6 | 15 | 1 | 1 |
| ആകെ | 22 | 136 | 6 | 108 | 16 | 28 |

ഇതു പ്രകാരം 16 ഓർഡിനറി സി.എഫ്.എൽ വിളക്കും 28 ഓട്ടോമാറ്റിക്ക് സി.എഫ്.എൽ വിളക്കും അധികമായി റിപ്പയർ ചെയ്തതായി കാണിച്ചിട്ടുണ്ട്. മെമ്പർമാർ നൽകിയ സാക്ഷ്യപത്രം

അനുസരിച്ചുള്ള തെരുവു വിളക്കുകളുടെ എണ്ണത്തേക്കാൾ അധികമായി റിപ്പയർ ചെയ്തതായി കാണിച്ചിരിക്കുന്ന 16 ഓർഡിനറി വിളക്ക് ഒന്നിന് 425/-രൂപ നിരക്കിൽ 6,800/-രൂപയും, 28 ഓട്ടോമാറ്റിക്ക് വിളക്ക് ഒന്നിന് 725/-രൂപ നിരക്കിൽ 20,300/-രൂപയും ആകെ 27,100/-രൂപ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.07.2019 മുതൽ 18/07/2019 വരെ | നം.കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(34) തീ.03/08/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 68875 | 31125 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | പെയിൻ & പാലിയേറ്റീവ് പരിചരണം | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 10000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 10000 | 0 |
| ബ്ലോക്ക് | 2018-19 | 110000 | പാറപ്പൊയിൽ | - | 110000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | കുടിവെള്ള പദ്ധതി | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വർഷം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിസിറ്റി കണക്ഷൻ മാറ്റി സ്ഥാപിക്കൽ | 2018-19 | 90950 | 90950 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| E M S ഭവനപദ്ധതി ലോൺ | 407/2010 dtd 5.2.10 | 6975000 | 45798 | 45798 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| തിരിച്ചടവ് | | | | | | |
| KURDFC ഷോപ്പിംഗ് കോംപ്ലക്സ് | | 3690000 | 424397 | 424397 | 23411 | 0 |
| ലൈഫ് ഭവന പദ്ധതി | | 9797208 | | 0 | 0 | 9797208 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 71,75,436 |
| തൻവർഷം നിക്ഷേപിച്ച തുക | 6,07,786 |
| ആകെ | 77,83,222 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 77,83,222 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | നാദാപുരം സഹകരണ ആശുപത്രി | 25,000 |
| 2 | കക്കട്ടിൽ സഹകരണ ബാങ്ക് | 77,58,222 |
| ആകെ | | 77,83,222 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 6A | 2004-05 | 11.1.2.2-115 | ബജറ്റ് പാസ്സാക്കുന്നില്ല. ഗ്രാമപഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു<br>(പൊതു പരാമർശം) | |
| 2000-01 | - | 2004-05 | 11.1.3.2.116 | നികുതി പിരിവിൽ അലംഭാവം-കുടിശ്ശി ക പെരുകുന്നു. (പൊതു പരാമർശം) | |
| 2001-02 | 34 | 2005-06 | 73 | അങ്കണവാടി കെട്ടിടം അനധികൃത നിർമ്മാണമായി | |
| 2002-03 | 2-1 | 2006-07 | 3.79.1.16.100 | നികുതി കാലഹരണപ്പെട്ടത് | |
| 2002-03 | 2(5) | 2005-06 | 3.79.2 | കെട്ടിടവാടക, ലേലത്തുകകൾ ഇവ യഥാസമയം പിരിച്ചെടുക്കുന്നില്ല | |
| 2002-03 | 3(3) | 2006-07 | 3.79.12 | കാർഷികോപകരണങ്ങൾ വിതരണം ചെയ്തതിലേയും പരിപാലനത്തിലേയും അപാകതകൾ.<br>(പൊതു പരാമർശം) | |
| 2002-03 | 3(4) | 2006-07 | 3.79.14 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ – പൂർത്തിയായില്ല -ചെലവഴിച്ച | |

| | | | | | |
|---|---|---|---|---|---|
| | | | | പണം പാഴ്ച്ചെലവായി മാറുന്നു. (പൊതു പരാമർശം) | |
| 2002-03 | 3-5 | 2006-07 | 3.79.13.6.110 | സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിക്കാത്തത് | |
| 2001-02 | 3- | 2005-06 | 2.73/8 | | |
| -- | -- | 2014-15 | 4.3.2.68 | 60 വയസ്സ് പൂർത്തിയാകാത്തവർക്കും പെൻഷൻ | |
| -- | -- | 2014-15 | 4.3.2.7.60 | അന്വേഷണറിപ്പോർട്ട് ഇല്ലാതെ പെൻഷൻ നല്കി | |
| -- | -- | 2014-15 | 4.3.2.16.86 | പെൻഷൻ മണിയോർഡർ തിരിച്ചടവ് | |
| 2014-15 | 2.7 | 2016-17 | 1 അനുബന്ധം 3 | വസ്തു നികുതി അപാകതകൾ | |
| 2014-15 | 2.8 | 2016-17 | 1 അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

- ഇല്ല -

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,09,28,247 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,08,14,218 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 3,563 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27,100 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,42,513 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3563 | - | ഉദയഭാനു എം.പി,<br>സെക്രട്ടറി |
| 3-1 | - | 27,100 | ഉദയഭാനു എം.പി,<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 45,500 | ഉദയഭാനു എം.പി,<br>സെക്രട്ടറി |
| 1-14 | 1,97,013 | ഉദയഭാനു എം.പി,<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ഉദയഭാനു എം.പി, സെക്രട്ടറി | സെക്രട്ടറി. കുന്നമ്മൽ ഗ്രാമപഞ്ചായത്ത് | കൃഷ്ണ, പേരാമ്പ്ര പി.ഒ, 673525 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1971-72 | എൽ.എഫ്.കെ.കെ.ഡി.പി4/630/ 87/20.5.1987 | 9 |
| 1972-73 | എൽ.എഫ്.കെ.കെ.ഡി.പി4/631/ 87/20.5.1987 | 7 |
| 1974-75, 75-76 | എൽ.എഫ്.കെ.കെ.ഡി.പി4/632/ 87/20.5.1987 | 7 |
| 1976-77 | എൽ.എഫ്.കെ.കെ.ഡി.പി4/633/ 87/20.5.1987 | 4 |
| 1977-78, 79-80 | എൽ.എഫ്.കെ.കെ.ഡി.പി4/635/ 87/20.5.1987 | 13 |
| 1980-81 | എൽ.എഫ്.കെ.കെ.ഡി.പി4/636/ 87/20.5.1987 | 24 |
| 1981-82 | എൽ.എഫ്.കെ.കെ.ഡി.പി4/638/ 87/20.5.1987 | 20 |
| 1982-83 | എൽ.എഫ്.കെ.കെ.ഡി.പി1/92/ 97/3.1.1997 | 5 |
| 1983-84 | എൽ.എഫ്.കെ.കെ.ഡി.പി1/304/ | 38 |

| | | |
|---|---|---|
| | 97/23.12.1998 | |
| 1984-85 | എൽ.എഫ്.കെ.കെ.ഡി.പി6/1451/ 89/1.6.1990 | 38 |
| 1985-86 | എൽ.എഫ്.കെ.കെ.ഡി.പി4/352/ 92/13.7.1993 | 19 |
| 1987-88 | എൽ.എഫ്.കെ.കെ.ഡി.പി4/351/ 92/13.7.1993 | 15 |
| 1988-89 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2701/94/ 10.10.1994 | 17 |
| 1989-90 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2704/94/ 10.10.1994 | 27 |
| 1990-91 | എൽ.എഫ്.കെ.കെ.ഡി.എസ്.2/341/95/ 6.1.1995 | 27 |
| 1991-92, 92-93 | എൽ.എഫ്.കെ.കെ.ഡി.എസ്.2/142/96/ 3.4.1996 | 41 |
| 1993-94, 94-95 | എൽ.എഫ്.കെ.കെ.ഡി.എം.1/2/98/ 7.6.1999 | 10 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.എം.1/360/00/ 16.6.2000 | 22 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.എം.1/152/97/ 7.8.1999 | 5 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 12 |
| 1998-99 ഖണ്ഡിക | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 5 |

| | | |
|---|---|---|
| 1999-2000 ചെലവ് | എൽ.എഫ്.കെ.കെ.ഡി.എം.1/808/00/ 9.3.2001 | 18 |
| 1999-00 ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി.എം.1/940/01/ 13.11.2001 | 8 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 13 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 12 |
| 1997-98മുതൽ 2001-02 വരെ | എൽ.എഫ്.കെ.കെ.ഡി.എം.1/1441/05 13.4.2005 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(2) തീ.26.8.2014 | 8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(3) തീ.26.8.2014 | 24 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(4) തീ.26.8.2014 | 19 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(5) തീ.26.8.2014 | 7 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(6) തീ.26.8.2014 | 19 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(7) തീ.26.8.2014 | 58 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13(8) തീ.26.8.2014 | 33 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി8/168/13(7) തീ.26.10.2014 | 47 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി8/1682/13(7) തീ.16.08.2014 | 53 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി8/1085/15 തീ.20.7.2015 | 36 |
| 2013-14 | കെ എസ് എ കെകെഡി പി.8/949/2016 | 50 |
| 2014-15 | കെ എസ് എ കെകെഡി പി.8/949/2016 | 22 |
| 2015-16 | നം.കെ.എസ്.എ കെ.കെ.ഡി/പി8/118/17 | 42 |
| 2016-17 | നം.കെ.എസ്.എ കെ.കെ.ഡി/പി8/2080/17 തീ.08.11.2017 | 2-1(1),2-1(2),2-1(3),2-1(4), 2-2(1), 2-3(1, 2(5)(1),2-5(2), 2-5(4),2-6, 2-7(1), 2-7(2),2-7(3), 2-7(4), 3-1(1),3-1(2), 3-1(3), 3-1(4),3-6, 3-7, 3-8, 4-9 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി/പി6/ 1157/2019 തീ.26.07.2019 | 1-12(1), 1-12(2) 2-1(1), 2-1(1-11), 2-3(1), 2-3(3), 2-4(1,2), 2-4(3ഡി), 2-6, 3-1, 3-1(3), 3-2, 3-3, 3-4, 3-5, 3-6(എ,ബി,സി), 3-6(1)(എ), 3-6(5), 4-10 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## അനുബന്ധം

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം:കെ.എസ്.എ.കെ.കെ.ഡി.പി4/360/2020 തീയതി:11.05.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4,1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 -ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്**